"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ്- ജീവനക്കാര്യം- തൊടുപുഴ ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിലെ ഒന്നാംതരം ഓവർസിയർ ശ്രീമതി ശ്രീജ വി.എസ്. ന്റെ ക്യാൻസർ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ജലവിഭവ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.961/2024/WRD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-
1. 9/3/2019 ൽ ശ്രീമതി. ശ്രീജ.വി.എസ്, ഒന്നാംതരം ഓവർസിയർ , തൊടുപുഴ ഇറിഗേഷൻ സെക്ഷൻ ഓഫീസ് സമർപ്പിച്ച പ്രതിപൂരണ അപേക്ഷ.
2. ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) യുടെ 15/3/2024 ലെ CEIA/1558/2024-D6 നമ്പർ കത്ത്.

**ഉത്തരവ്**

തൊടുപുഴ ഇറിഗേഷൻ സെക്ഷൻ ഓഫീസിലെ ഒന്നാംതരം ഓവർസിയർ ശ്രീമതി ശ്രീജ വി.എസ് തന്റെ ക്യാൻസർ ചികിത്സ 5/2/2019 മുതൽ 12/7/2019 വരെ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടത്തിയത് സംബന്ധിച്ച് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ വെരിഫൈ ചെയ്ത് അനുവദനീയ തുകയായി രേഖപ്പെടുത്തിയിട്ടുള്ള 1,00,715/- രൂപയും റേഡിയേഷൻ ചികിത്സയുടെ ബില്ലുകൾ വെരിഫൈ ചെയ്ത് അനുവദനീയ തുകയായി രേഖപ്പെടുത്തിയിട്ടുള്ള 10,000/- രൂപയുടേയും 80% അനുവദിച്ച് നൽകുന്നതിനായി പരാമർശം ഒന്ന് പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം രണ്ടിലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തൊടുപുഴ ഇറിഗേഷൻ സെക്ഷൻ ഓഫീസിലെ ഒന്നാംതരം ഓവർസിയർ ശ്രീമതി .ശ്രീജ.വി.എസ് -ന്റെ ക്യാൻസർ ചികിത്സ 5/2/2019 മുതൽ 12/7/2019 വരെ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടത്തിയത് സംബന്ധിച്ച് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ വെരിഫൈ ചെയ്ത് അനുവദനീയ തുകയായി

രേഖപ്പെടുത്തിയിട്ടുള്ള 1,10,715/-രൂപയുടെ 80 ശതമാനമായ 88,572/- രൂപ (എൺപത്തെണ്ണായിരത്തി അഞ്ഞൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ്കുമാർ കെ കെ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം(അസ്സൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ശ്രീമതി. ശ്രീജ.വി.എസ്, ഒന്നാംതരം ഓവർസിയർ, തൊടുപുഴ ഇറിഗേഷൻ സെക്ഷൻ ഓഫീസ് (ചീഫ് എഞ്ചിനീയർ (ഐ ആന്റ് എ) , തിരുവനന്തപുരം മുഖാന്തിരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ ( എ ആന്റ് ഇ) കേരള, തിരുവനന്തപുരം /തൃശ്ശൂർ

ധനകാര്യ വകുപ്പ് ( LNS-L8/192/2024-FIN തീയതി 5/9/2024 )

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആന്റ് ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sunithakumary S
Date: 16-12-2024 14:32:26
സെക്ഷൻ ഓഫീസർ